150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സർവ്വകലാശാലാ ലൈബ്രറി - ക്രിസ്തുമസ് അവധി കാലത്ത് പ്രവർത്തന സമയം ക്രമീകരിക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 5 സെക്ഷൻ**

നമ്പർ. 7378/AD A 5/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 24.12.2021

---

*പരാമർശം:*-സർവ്വകലാശാലാ ലൈബ്രേറിയന്റെ കത്ത് നം. 682/എം.ജി.യു.എൽ./ഭ.വി./ 2021 തിയതി 22.12.2021

**<u>ഉത്തരവ്</u>**

സർവ്വകലാശാലാ ലൈബ്രറി 2021 ഡിസംബർ 01 മുതൽ, രാവിലെ 8 മുതൽ വൈകുന്നേരം 6 വരെ എന്ന രീതിയിൽ ഷിഫ്റ്റ് സമ്പ്രദായത്തിൽ പ്രവർത്തിച്ച് വരികയായിരുന്നു. ക്രിസ്തുമസ് പ്രമാണിച്ച് സർവ്വകലാശാലാ പഠന വകുപ്പുകൾക്കും, സെന്ററുകൾക്കും 2021 ഡിസംബർ 24 മുതൽ 2022 ജനുവരി 2 വരെ അവധിയായതിനാൽ സർവ്വകലാശാലാ ലൈബ്രറിയുടെ പ്രവർത്തനവും ടി കാലയളവിൽ ഷിഫ്റ്റ് സമ്പ്രദായം ഒഴിവാക്കി സാധാരണ ഓഫീസ് സമയക്രമത്തിൽ പ്രവർത്തിക്കാൻ അനുമതി നൽകണമെന്ന് സർവ്വകലാശാലാ ലൈബ്രേറിയൻ പരാമർശം പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

മേൽ സാഹചര്യത്തിൽ, ക്രിസ്തുമസ് അവധി പ്രമാണിച്ച് 2021 ഡിസംബർ 24 മുതൽ 2022 ജനുവരി 2 വരെ തീയതികളിൽ സർവ്വകലാശാലാ ലൈബ്രറിയുടെ പ്രവർത്തന സമയം, ഷിഫ്റ്റ് സമ്പ്രദായം ഒഴിവാക്കി സാധാരണ ഓഫീസ് സമയത്ത് പ്രവർത്തിക്കുന്ന രീതിയിൽ ക്രമീകരിക്കാൻ അനുവദിച്ച് വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

2022 ജനുവരി 3 മുതൽ സർവ്വകലാശാലാ ലൈബ്രറിയുടെ പ്രവർത്തന സമയം നിലവിലുള്ള ഷിഫ്റ്റ് സമ്പ്രദായത്തിൽ തുടരുന്നതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബിജു എം എസ്

അസിസ്റ്റന്റ് രജിസ്ട്രാർ 2 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. സർവ്വകലാശാലാ ലൈബ്രേറിയൻ
2. വി.സി./പി.വി.സി. എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ എഫ്.ഓ./സി.ഇ. എന്നിവരുടെ പി.എ.മാർ
4. സർവ്വകലാശാലാ പഠന വകുപ്പ്/ സെന്റർ മേധാവികൾ
5. എ. ആർ.II/ ഡി. ആർ II/ ജെ. ആർ.I (ഭരണം)
6. പബ്ലിക് റിലേഷൻസ് ഓഫീസർ
7. കണ്ടെന്റ് മാനേജ്മന്റ് / വെബ്സൈറ്റ്/ ഐക്യൂഎസി
8. റെക്കോർഡ്സ്/ ഫയൽ കോപ്പി/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 183034/AD A5-1/2021/AD A 5 Approved by ASSISTANT REGISTRAR II (ADMIN) on 24-Dec-2021 03:33 PM - Page 1